# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 20 No. 07 | PUBLISHED FROM DELHI | PRICE Rs. 3/- | JULY 2016

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പതിനൊന്നാം വർഷത്തിലേക്ക്

**അടൂർ:** കഴിഞ്ഞ 10 വർഷമായി അടൂർ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 2016-17 അധ്യയന വർഷത്തെ ക്ലാസ്സുകൾ എഫ്.സി.ബി.സി. ഡയറക്ടറും ഐ.സി.എം. പ്രസിഡന്റുമായ പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്തു. നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണെന്നും അതുകൊണ്ട് ദൈവം നൽകി തരുന്ന അനുഗ്രഹങ്ങളെയും അവസരങ്ങളെയും നന്മകളെയും ഓർക്കുന്നവരും അതിൽ സന്തോഷിക്കുന്നവരും ആകണമെന്ന് അദ്ദേഹം പ്രബോധിപ്പിച്ചു. കഴിഞ്ഞ 10 വർഷം അഭ്യുദയ കാംക്ഷികൾ എഫ്.സി.ബി.സി.യ്ക്ക് നൽകിയ എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി പ്രകടിപ്പിക്കുകയും സമൂഹത്തിനും വിദ്യാർത്ഥിക ൾക്കും കർത്തൃവേലയ്ക്കും മാതൃകയുള്ള അനുഗ്രഹിതമാകുന്ന സുവിശേഷ പ്രവർത്തനങ്ങൾ വീണ്ടും നടത്തുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഉറപ്പ് നൽകി. 2016 ജൂൺ 12 ഞായറാഴ്ച 3 മണിക്ക് എഫ്.സി.ബി.സി. അങ്കണത്തിൽ വച്ച് നടന്ന പ്രത്യേക സമ്മേളനത്തിന് കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. കർത്തൃദാസന്മാരായ പാസ്റ്റർ വി.എം. ഏബ്രഹാം, പാസ്റ്റർ റെജി എൻ.ജെ., പാസ്റ്റർ രാജൻ പി.ഡി., ബ്രദർ ജോയി എസ്. തുടങ്ങിയവർ ആശംസകളറിയിച്ചു. കോളജ് ചാപ്ളയിൻ പാസ്റ്റർ മനോജ് തമ്പി സ്വാഗതവും കോളജ് രജിസ്ട്രാർ പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും രേഖപ്പെടുത്തി.



പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## വിദ്യാഭ്യാസ സഹായം വിതരണം ചെയ്തു

**അടൂർ:**-പത്താംക്ലാസ് പാസ്സായവർ മുതൽ പോസ്റ്റ് ഗ്രാഡ്വേറ്റ് വരെ പഠിക്കുന്ന കേരളാ റീജൻ ഫെയ്ത്ത് ഫെലോഷിപ്പ് സഭകളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ വിതരണം അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അങ്കണത്തിൽ വച്ച് 2016 ജൂൺ 12-ാം തീയതി നടന്ന പൊതുസമ്മേളനത്തിൽ വച്ച് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ വൈസ് പ്രസിഡന്റ് പാസ്റ്റർ ബിജു ബഞ്ചമിൻ ഉദ്ഘാടനം ചെയ്തു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. അത് ആചരിക്കുന്ന ഏവർക്കും നല്ല ബുദ്ധി ഉണ്ടാകും. വിദ്യാഭ്യാസം ഉണ്ടെങ്കിലെ നമുക്ക് സമൂഹ ത്തിൽ മാന്യത ലഭിക്കുകയുള്ളൂ. അതുകൊണ്ട് അറിവ് നേടിയെടുത്ത് സമൂഹത്തിൽ ഉന്നതജീവിതനിലവാരവും ആത്മീക മുന്നേറ്റവും നേടിയെടുക്കുവാൻ എല്ലാ വിദ്യാർത്ഥികളോടും അദ്ദേഹം ആഹ്വാനം ചെയ്തു. കോ-ഓർഡിനേറ്റർ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി, സിസ്റ്റർ എലിസബത്ത് സാമുവൽ, പാസ്റ്റർ ഡി. ജോൺ, പാസ്റ്റർ തോമസ് മാത്യു, പാസ്റ്റർ റെജി എൻ.ജെ തുടങ്ങിയവർ 43 വിദ്യാർത്ഥികൾക്ക് ബ്രദർ ഷെറിൻ വർഗ്ഗീസ് ഏർപ്പെടുത്തിയ എം.കെ. തോമസ് മെമ്മോറിയൽ അവാർഡുകൾ വിതരണം ചെയ്തു. റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ വിദ്യാർത്ഥികളെ സദസ്സിന് പരിചയപ്പെടുത്തി. 102000/- രൂപയുടെ വിദ്യാഭ്യാസ ധനസഹായ വിതരണം നടത്തുവാൻ ദൈവം സഹായിച്ചു. ഈ തുക സ്പോൺസർ ചെയ്ത ബ്രദർ ഷെറിൻ വർഗ്ഗീസ് ന്യൂയോർക്കിന് ഐ.സി.എമ്മിന്റെ പ്രത്യേക നന്ദി. ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിലെ ദൈവദാസന്മാരും, വിദ്യാർത്ഥികളും, രക്ഷകർത്താക്കളും, വിശ്വാസികളും പങ്കെടുത്തു.



വിദ്യാഭ്യാസ സഹായവിതരണം പാസ്റ്റർ ബിജു ബഞ്ചമിൻ ഉദ്ഘാടനം ചെയ്യുന്നു



ഡൽഹിയിൽ പാസ്റ്റർ ടി.ഡി. സുധാകരൻ വിദ്യാഭ്യാസ സഹായം വിതരണം ചെയ്യുന്നു. പാസ്റ്റർ ബിനോയ് പി. ജോൺ സമീപം

## പുനർപ്രതിഷ്ഠ നടത്തി

**അടൂർ:** അടൂർ ഫെയ്ത്ത് ഫെലോഷിപ്പ് സഭയുടെ പുതുക്കി പണിത ആരാധനാലയത്തിന്റെ പുനർപ്രതിഷ്ഠാ ശുശ്രൂഷ ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി നിർവ്വഹിച്ചു. 2016 ജൂൺ 26-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച വിശുദ്ധാരാധനയിൽ വെച്ചായിരുന്നു പുനർപ്രതിഷ്ഠ. സഭാശുശ്രൂഷകനും കേരള റീജൻ കോ-ഓർഡിനേറ്ററുമായ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ, കർത്തൃദാസന്മാരായ ഡി. ജോൺ, മനോജ് തമ്പി, സാംവില്ല്യം, ബൻസി ജോർജ്ജ്, ബ്രദർ സിബി വർഗ്ഗീസ്, ബ്രദർ മാനുവേൽ ഡൽഹി, സഭാ ട്രഷറർ ബേബി എ. തുടങ്ങിയവർ ആശംസകളറിയിച്ചു. സഭാ സെക്രട്ടറി ബ്രദർ സാംകുട്ടി സാമുവേൽ നന്ദി രേഖപ്പെടുത്തി.

## ജൂബിയെ ആദരിച്ചു

**കോന്നി:** മലയാള മനോരമയുടെ ഭാഷയിൽ പറഞ്ഞാൽ ഹൃദയം കൊണ്ട് 12-ാം ക്ലാസ്സിൽ പരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങിയ സഹോദരി ജൂബി സാമുവേലിനെ ആദരിച്ചു. 90% കാഴ്ച നഷ്ടപ്പെട്ട കഠിന ഹൃദ്രോഗിയായ സഹോദരിയാണ് ജൂബി. കാഴ്ച നഷ്ടപ്പെട്ട സാഹചര്യത്തിൽ പരീക്ഷ എഴുതുവാൻ ഒരു സഹായിയെ നൽകുവാൻ സ്കൂൾ അധികൃതർ തീരുമാനിച്ചെങ്കിലും അത് വേണ്ടെന്ന് വച്ച് സ്വയം പരീക്ഷ എഴുതുകയായിരുന്നു ജൂബി.

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ അത്തുംപൂക്കുളത്തിൽ വെട്ടുനിരപ്പിൽ ശ്രീ. സാമുവേലിന്റെയും ശ്രീമതി. സുജാ സാമുവേലിന്റെയും രണ്ടാമത്തെ മകളാണ് ജൂബി. ഒരു ടാപ്പിംഗ് തൊഴിലാളിയായി സാമുവേലും കുടുംബവും ഐ.പി.സി സഭാംഗങ്ങളാണ്. കണ്ണിന്റെ ഓപ്പറേഷൻ കഴിഞ്ഞ് വീട്ടിൽ വിശ്രമിക്കുന്ന ജൂബിയെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ നേതൃത്വത്തിൽ ഒരു സംഘം 2016 ജൂൺ 15-ാം തീയതി സന്ദർശിച്ച് 5000/-രൂപ നൽകി അനുമോദിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ന്യൂയോർക്കിൽ നിന്നും സഹോദരൻ ഫിലിപ്പ് ഡാനിയേൽ അയച്ച ഈ സഹായത്തിന് നന്ദി.

ജൂബിയുടെ ഉപരിപഠനത്തിനും, ഭാവിയ്ക്കും, കുടുംബത്തിനുവേണ്ടിയും പ്രാർത്ഥിക്കുവാൻ വിശ്വാസിയുടെ വായനക്കാരെ ആഹ്വാനം ചെയ്യുന്നു.



ഐ.സി.എമ്മിന്റെ സഹായം പാസ്റ്റർ എം. സാമുവൽകുട്ടി ജൂബിയ്ക്ക് കൈമാറുന്നു. പാസ്റ്റർമാരായ മനോജ് തമ്പി, എബി ജോർജ്, സുമേഷ് പി. ലാസർ, പാസ്റ്റർ രാജൻ പി.ഡി. എന്നിവർ സമീപം

***ഉൾപേജുകളിൽ...***

ജയാളിയായ രാജാവ് : പാസ്റ്റർ എം.സാമുവൽകുട്ടി

പ്രാർത്ഥനയുടെ പ്രാധാന്യത : പാസ്റ്റർ ജോസ് ശാമുവേൽ

വിശ്വാസികൾ വിചാരപ്പെടാമോ : പാസ്റ്റർ ഡാനിയേൽ ജോർജ്

രക്ഷയായി മാറിയ പുത്രന്റെ മരണം : ഇവാ. ജോൺ സാമുവൽ മണക്കാല

പത്രാധിപ ലേഖനം......

# ജയാളിയായ രാജാവ്



പഴയനിയമത്തിൽ നിന്നും പുതിയ നിയമത്തിലേക്കുള്ള ഒരു കവാടമാണ് മത്തായിയുടെ സുവിശേഷം. ഇത് പുതിയ നിയമത്തെ പഴയ നിയമവുമായി യോജിപ്പിക്കുകയും ദൈവം യേശുക്രിസ്തുവിൽ കൂടി ഒരു നവയുഗം ആരംഭിക്കുന്നതായി വെളിപ്പെടുത്തുകയും ചെയ്യുന്നു. ഈ സുവിശേഷമായിരുന്നു ആദിമ സഭയിൽ വളരെയേറെ വായിക്കപ്പെട്ടത്. മറ്റേത് പുസ്തകങ്ങളെക്കാളുമധികം സഭാപിതാക്കന്മാർ ഉദ്ധരിച്ചിട്ടുള്ളതും ഇതിൽ നിന്നാണ്. നൂറ്റാണ്ടുകളായിട്ടും ഇതിന്റെ മനോഹാരിത നഷ്ടപ്പെട്ടിട്ടില്ല. ഇപ്പോഴും ഇതിലെ കർത്തൃ പ്രാർത്ഥനയും ഗിരിപ്രഭാഷണങ്ങളും ഇതരപ്രഭാഷണങ്ങളും ധാരാളമായി ഉപയോഗിക്കപ്പെട്ടു വരുന്നു.

രാജാവിനെയും രാജ്യത്തെയും കുറിച്ച് പ്രതിപാദിക്കുന്ന ഒരു യെഹൂദ സുവിശേഷമാണ് മത്തായിയുടെ സുവിശേഷം. രാജാവ് എന്ന പദം ഒൻപത് പ്രാവശ്യം ആവർത്തിക്കപ്പെട്ടിരിക്കുന്നു. സുവിശേഷങ്ങളിൽ ക്രിസ്തുവിനെ രാജാവായി ചിത്രീകരിക്കുകയും അവന്റെ രാജത്വത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്ന പുസ്തകമാണ് മത്തായിയുടെ സുവിശേഷം.

യേശുക്രിസ്തുവിന്റെ രാജത്വം തെളിയിക്കുന്ന മറ്റനേകം സന്ദർഭങ്ങളുണ്ടെങ്കിലും അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അവന്റെ ഉയിർത്തെഴുന്നേൽപ്പാണ്. മത്തായിയുടെ സുവിശേഷത്തിന്റെ അവസാന അദ്ധ്യായം വിജയ ചരിത്രമാണ് രേഖപ്പെടുത്തുന്നത്. ഈ കാലഘട്ടത്തിലും വിശ്വാസികളായ നമുക്ക് ഈ വിജയത്തിൽ പങ്കാളികളാകുവാൻ കഴിയുന്നത് അനുഗ്രഹിക്കപ്പെട്ട അനുഭവമാണ്. യേശുവിന്റെ പുനരുത്ഥാനം വിശ്വാസികളുമായി ബന്ധപ്പെട്ടിരിക്കുന്നത് വ്യത്യസ്ത തലങ്ങളിൽ നിന്ന് ഇവിടെ കാണുവാൻ സാധിക്കുന്നു.

അവൻ മരിച്ചുവെന്ന് അവർ കരുതി (28:11). യേശുവിന്റെ മരണ സമയത്ത് കുരിശിനരികിൽ നിന്നിരുന്ന സ്ത്രീകൾ അവന്റെ ശരീരത്തിൽ പൂശുവാനുള്ള സുഗന്ധദ്രവ്യങ്ങളുമായി കല്ലറയ്ക്കലെത്തി. അവൻ മരിച്ചുകഴിഞ്ഞല്ലോ എന്ന ധാരണയാണ് അവർക്കുണ്ടായിരുന്നത്. കല്ലറയുടെ വാതിൽക്കലുണ്ടായിരുന്ന വലിയ കല്ല് എങ്ങനെ മാറ്റും എന്ന ചിന്തയും അവരെ വിഷമിപ്പിച്ചു. യേശു പലതവണ പഠിപ്പിച്ചിട്ടും അവന്റെ പുനരുത്ഥാനത്തിൽ അവർ വിശ്വസിച്ചില്ല എന്നതാണ് സത്യം. എന്നാൽ കല്ലറയ്ക്കൽ എത്തിയപ്പോഴാണ് യേശു പഠിപ്പിച്ചതുപോലെ അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന സത്യം അവർക്ക് മനസ്സിലായത്.

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ് കേവലം എഴുതിത്തള്ളേണ്ട വസ്തുതയല്ല. യേശു ഈ ഭൂമിയിൽ ജീവിച്ചുവെന്നും മരിച്ചുവെന്നും ലോകം മുഴുവനും വിശ്വസിക്കുന്നു. എന്നാൽ അവന്റെ പുനരുത്ഥാനത്തെക്കുറിച്ച് ലോകം വിശ്വസിക്കുന്നില്ല. പെന്തക്കൊസ്തു നാളിൽ പത്രൊസ് നടത്തിയ പ്രസംഗത്തിന്റെ പ്രധാന വിഷയം യേശുവിന്റെ പുനരുത്ഥാനമായിരുന്നു. അപ്പൊസ്തലന്മാരുടെ പ്രവർത്തികളിലുടനീളം ഈ പ്രധാന സത്യം ആവർത്തിച്ച് പ്രസ്താവിക്കപ്പെടുന്നത് നമുക്ക് കാണാം. അവന്റെ ഉയിർത്തെഴുന്നേൽപ്പ് സത്യം തന്നെയാണ്.

അവന്റെ പുനരുത്ഥാനത്തിന്റെ ഒന്നാമത്തെ പ്രത്യേകത യേശു ദൈവപുത്രനാണ് എന്ന് തെളിയിക്കപ്പെട്ടു എന്നതുതന്നെ. തന്റെ ജീവനെ ഉപേക്ഷിക്കുവാനും അതിനെ തിരികെ സ്വീകരിക്കുവാനും തനിക്കധികാരമുണ്ടെന്ന് യേശു പ്രസ്താവിച്ചിരുന്നു (യോഹ.10:17,18). ഈ പ്രസ്താവന സത്യമായി ഭവിച്ചു. പഴയ നിയമത്തിലും യേശുവിന്റെ ഉപദേശങ്ങളിലും അവന്റെ പുനരുത്ഥാനം വ്യക്തമായി കാണാവുന്ന സത്യമാണ്. യേശു കല്ലറയിൽ നിന്ന് പുറത്തുവന്നിരുന്നില്ലെങ്കിൽ തിരുവെഴുത്തുകളുടെ സത്യസന്ധത ചോദ്യം ചെയ്യപ്പെടുമായിരുന്നു. നമ്മുടെ ഭാവിപുനരുത്ഥാനം അത് ഉറപ്പാക്കുന്നു (അപ്പൊ. 17:31).

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ രണ്ടാമത്തെ പ്രത്യേകത അവൻ ജീവിക്കുന്നു എന്ന വിളമ്പരമാണ് (28:2-4). പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി. രണ്ട് ദൂതന്മാർ പ്രത്യക്ഷരാകുകയും അവരിലൊരാൾ കല്ലറ വാതിക്കലുണ്ടായിരുന്ന വലിയ കല്ല് ഉരുട്ടി മാറ്റുകയും ചെയ്തു. കാവൽക്കാർ ഈ ശക്തി പ്രഭാവം കണ്ടിട്ട് ഭയചകിതരായി ഓടിപ്പോയി. യേശുവിന് പുറത്തുവരുവാൻ വേണ്ടിയല്ല കവാടത്തിലെ കല്ല് ഉരുട്ടിമാറ്റിയത്. അവൻ കല്ലറയിൽ നിന്ന് പോയിക്കഴിഞ്ഞിരുന്നു. കല്ലറ ശൂന്യമാണെന്ന് ജനങ്ങൾ കാണുന്നതിനു വേണ്ടിയാണ് ദൂതന്മാർ ഇത് ചെയ്തത്. ദൂതൻ ആ സ്ത്രീകളോട് സംസാരിച്ച് അവരുടെ ഭയം നീക്കി. അവൻ ഇവിടെ ഇല്ല, വന്നു കാൺവീൻ എന്നു പറഞ്ഞു. കല്ലറയ്ക്കുള്ളിൽ യേശുവിന്റെ ശരീരം പൊതിഞ്ഞിരുന്ന ശീല ശരീരത്തിൽ ചുറ്റിയവിധം തന്നെ കിടക്കുന്നു. ശവവസ്ത്രങ്ങൾക്കുള്ളിലൂടെ യേശു കടന്നുപോവുകയും താൻ ജീവിച്ചിരിക്കുന്നു എന്നതിന്റെ തെളിവായി ആ ശീലകൾ അവിടെ അവശേഷിക്കുകയും ചെയ്തു. ജീവൻ പ്രാപിക്കുവാൻ യേശു പോരാട്ടം നടത്തിയതായി അവിടെ തെളിവൊന്നുമില്ല. അവന്റെ ശരീരം പൊതിയാനുപയോഗിച്ച വസ്ത്രങ്ങൾ ഒരു ചുളുക്കവും കൂടാതെയാണ് കിടന്നത്. അവന്റെ മുഖം മൂടിയിരുന്ന ശീലയും ഭംഗിയായി മടക്കിയ നിലയിൽ കിടന്നു.

ഉയിർത്തെഴുന്നേറ്റ യേശുവിനെ 500 ആളുകൾ ഒരുമിച്ച് ദർശിച്ചു. അതിനെ മതിഭ്രമമെന്നോ സ്വയം നിർമ്മിച്ച കള്ളക്കഥയെന്നോ മുദ്രകുത്തുക സാധ്യമല്ല. അവനെ കണ്ട വ്യക്തികൾ ആശ്ചര്യപ്പെട്ടു. 500ഓളം ആളുകൾ ഒരേ സമയം മതിഭ്രമത്തിൽ പെടുന്നത് സാധ്യമല്ലല്ലോ. ക്രിസ്തു അനുയായികളുടെ ശത്രുവായിരുന്ന ശൗൽ (പൗലൊസ്) ഉയർത്തെഴുന്നേറ്റ യേശുവിനെ കണ്ടതോടെയാണ് ജീവിതത്തിൽ സമഗ്രമായ രൂപാന്തരത്തിന് വിധേയനായത്.

രാജാവായ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ മൂന്നാമത്തെ പ്രത്യേകത അവൻ ആ സദ്വാർത്ത മറ്റുള്ളവരുമായി പങ്കിട്ടു എന്നുള്ളതാണ് (28:16-20). ഈ മലമുകളിലെ സമ്മേളനം ഗലീലയിൽ വച്ച് നടന്നു. 500 സഹോദരന്മാർ കർത്താവിനെ കണ്ടുമുട്ടിയ സമയം ഇതായിരിക്കുമെന്ന് വേദപണ്ഡിതന്മാർ കരുതുന്നു. അവിടെ കൂടിവന്നവരിൽ ചിലർ യേശുവിന്റെ ഉയിർപ്പിനെക്കുറിച്ച് സംശയിച്ചു എന്നത് പതിനൊന്ന് അപ്പൊസ്തലന്മാരിലുമധികം ആളുകൾ അവിടെയുണ്ടായിരുന്നുവെന്നതിന്റെ സൂചനയാണ്. കാരണം അപ്പൊസ്തലന്മാർ ആ സത്യം സംശയമെന്യേ വിശ്വസിച്ചുകഴിഞ്ഞിരുന്നു. കർത്താവിന്റെ സ്വർഗ്ഗാരോഹണം നടന്നത് ഇവിടെ വച്ചല്ല. യെരുശലേമിൽ ശിഷ്യന്മാരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമായിരുന്നു (ലൂക്കൊസ് 24:44-53). ഈ ലോകത്തിൽ കർത്താവിനായി ശിഷ്യന്മാരെ വാർത്തെടുക്കുക എന്നൊരു മഹാനിയോഗം ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെയെല്ലാവരേയും ഭരമേൽപ്പിച്ചിരിക്കുന്നു. അത് അവന്റെ മടങ്ങിവരവോളം നാം വിശ്വസ്തതയോടെ ചെയ്യണം.

അവന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മിലും, നമ്മിലൂടെയും വ്യാപരിക്കുമ്പോൾ മാത്രമാണ് കർത്താവിന്റെ ഇഷ്ടം ചെയ്ത് ദൈവനാമ മഹത്വത്തിനായി നമുക്ക് ജീവിക്കാൻ കഴിയുന്നത്. നമ്മുടെ സ്വർഗ്ഗീയ അവകാശം ഉറപ്പാക്കുന്നതാണ് പുനരുത്ഥാനം. നമുക്ക് ജീവനുള്ള ഒരു പ്രത്യാശയുള്ളതിനാൽ, പ്രത്യാശയുള്ള ഒരു ജീവിതം നമുക്ക് നയിക്കാം. നമ്മുടെ പ്രതീക്ഷകൾ അടിസ്ഥാനമില്ലാത്തതാണെങ്കിൽ അത് ക്രമേണ മരിച്ച് ഇല്ലാതാകും. എന്നാൽ രാജാവായ യേശുക്രിസ്തു ജീവിക്കുന്നതിനാൽ നമുക്ക് മഹത്വപൂർണ്ണമായ ഒരു ഭാവിയാണുള്ളത്.

പാസ്റ്റർ എം. സാമുവൽകുട്ടി

## ഡൽഹിയിലും വിദ്യാഭ്യാസ സഹായ വിതരണം നടന്നു

**മെഹറോളി:-**പത്താംക്ലാസ് പാസ്സായവർ മുതൽ ബി.ടെക്ക് വരെ പഠിക്കുന്ന ഡൽഹി റീജൻ ഫെയ്ത്ത് ഫെലോഷിപ്പ് സഭകളിലെ ആറ് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ വിതരണം 2016 ജൂൺ 19-ാം തീയതി ഐ.സി.എം. ഓഫീസിൽ വച്ച് നടന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയ് പി. ജോൺ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബിനു ജോൺ, പാസ്റ്റർ ടി.ഡി. സുധാകരൻ, ഐ.സി.എം. ട്രഷറാർ ബ്രദർ ശീലാസ് സാമുവൽ എന്നിവർ ആശംസകൾ അറിയിച്ചു.

## എഫ്. സി. വൈ. എം. ഡൽഹി റീജൻ ഏകദിന സെമിനാർ

**ന്യൂഡൽഹി:-** എഫ്.സി.വൈ.എം. ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2016 ആഗസ്റ്റ്15 ന് ലാഡോസരായി എ.ജി. ചർച്ച് ഹാളിൽ വച്ച് ഏകദിന സെമിനാർ നടക്കും. സെമിനാറിൽ പാസ്റ്റർ ഡാനിയേൽ ജോർജ് ആത്മീയ കൃപാവരങ്ങളെ എങ്ങനെ പ്രാപിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിക്കും.

### *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക


### MATRIMONIAL

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി (ജി.എൻ.എം) ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതിക്ക് (24 വയസ്, 162 സെ.മീ. ഉയരം, ഫെയർ) ആത്മീയരായ പെന്തക്കോസ്ത് യുവാക്കളുടെ (വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9061619793, 9207069093.


## നിത്യതയിൽ



**അടൂർ:** അടൂർ പന്നിവിഴ ചിറ്റേഴം വീട്ടിൽ സിബി വർഗ്ഗീസിന്റെ ഭാര്യ ഷീബ സിബി(39) ജൂൺ 16 വ്യാഴാഴ്ച്ച നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാരം ജൂൺ 18ന് പത്തനാപുരം കുറുമ്പകര എലീം ഐ. പി.സി. സഭാഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ ഒ. ജെയിംസ് മുഖ്യകാർമികത്വം വഹിച്ചു.

പത്തനാപുരം പാലത്തിങ്കൽ പി.സി. മാത്യുവിന്റെയും രാജമ്മ മാത്യുവിന്റെയും മകളാണ് ഷീബ. ചില വർഷങ്ങൾ ജോലിയോടുള്ള ബന്ധത്തിൽ ഡൽഹിയിലായിരുന്നപ്പോൾ ഹൗസ്ഖാസ് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയിലെ സജീവ അംഗമായിരുന്നു.

മക്കൾ: എക്സിബ, എസെക്കിയേൽ


**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ്: *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# പ്രാർത്ഥനയുടെ പ്രാധാന്യം



**പാസ്റ്റർ ജോസ് ശാമുവേൽ**
**ന്യൂഡൽഹി**

ദൈവസഭയുടെ കാതലാണ് പ്രാർത്ഥന. ഒരു മനുഷ്യനു നിലനിൽപ്പിനു രക്തം ആവശ്യമായിരിക്കുന്നതുപ്പോലെ ദൈവസഭയുടെ വളർച്ചയ്ക്ക ഒഴിച്ചുകൂട്ടാൻ പറ്റാത്ത ഒന്നത്രേ പ്രാർത്ഥന. പ്രാർത്ഥനയെക്കുറിച്ച് ധാരാളം വാദമുഖങ്ങൾ നിലവിൽ നിൽക്കുന്നുണ്ട്. പെന്തക്കോസ്തു സമൂഹം എന്തുകൊണ്ട് യേശു പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുന്നില്ല, അതിനു കാരണം എന്താണ്. തന്റെ ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിച്ചപ്പോൾ യേശുക്രിസ്തു പഠിപ്പിച്ച ആദ്യവാചകം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നാണല്ലോ. ഇതിന്റെ കാരണം യേശുവിനറിയാം. ഇവിടെ ധാരാളം പുണ്യവാളന്മാരും പുണ്യവതികളും എഴുന്നേൽക്കും എന്നും ഇവരോട് നമ്മുടെ വിവേകമുള്ളവർ പ്രാർത്ഥിക്കും എന്ന് നല്ലതുപോലെ അറിയാമായിരുന്നു. കർത്താവ് പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോട് മാത്രമേ പ്രാർത്ഥിക്കാവൂ എന്നും നാം പ്രാർത്ഥനയിൽ എന്തെല്ലാം വിഷയങ്ങൾ ഉരുവിടേണം എന്നുമുള്ള മാതൃകയാണ് ആ പ്രാർത്ഥന. നാം ഒരു ജോലിക്കപേക്ഷിക്കുമ്പോൾ ആ ജോലി അപേക്ഷിക്കേണ്ടതായ ഒരു മാതൃക അവർ തരും ആ മാതൃകപ്രകാരം ആയിരിക്കണം. നാം നമ്മുടെ ബയോഡാറ്റ തയ്യാറാക്കുമ്പോൾ ഇത്പോലെ ഒരു മാതൃക ദൈവം നമ്മുക്ക് നൽകിയിരിക്കുകയാണ്. നാം സ്കൂളിൽ പഠികുമ്പോൾ അദ്ധ്യാപകൻ നമ്മെ എഴുതുവാനും വായിക്കുവാനും അറിയേണ്ട ആദ്യാക്ഷരങ്ങൾ നമ്മെ പഠിപ്പിക്കുന്നു. നാം അത് പഠിച്ചു കഴിഞ്ഞാൽ പിന്നത്തേതിൽ ആ അക്ഷരങ്ങൾ ഉപയോഗിച്ച് നല്ല രീതിയിൽ നാം എഴുതുകയും വായിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനയെ രണ്ടായിട്ട് തിരിക്കാം. പരസ്യ പ്രാർത്ഥനയും രഹസ്യ പ്രാർത്ഥനയും. പരസ്യ പ്രാർത്ഥനയ്ക്ക് പ്രാർത്ഥനാ വിഷയവും സമയപരിധിയും ഉണ്ട്. എന്നാൽ രഹസ്യ പ്രാർത്ഥനയിൽ പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ടെങ്കിലും സമയപരിധി ഇല്ല. പരസ്യ പ്രാർത്ഥനയെക്കാൾ രഹസ്യ പ്രാർത്ഥനയ്ക്കാണ് വേദപുസ്തകം പ്രാധാന്യം നൽകുന്നത്. കാരണം, നമ്മളോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ഇടമാണ് രഹസ്യപ്രാർത്ഥനാമുറി. അവിടെയാണ് സാത്താന്റെ കോട്ടകൊത്തളങ്ങൾ ചീട്ട് കൊട്ടാരം പോലെ തകർന്നടിയുന്നത്. (Prayer is a communication) പ്രാർത്ഥന ദൈവത്തോട് സംസാരിക്കുന്ന ഉപാധിയാണ്.

അവസരോചിതമായി നാം പ്രാർത്ഥിക്കാൻ പഠിക്കേണ്ടവരാണ്. വിവാഹ ശുശ്രൂഷയിൽ ശവസംസ്കാരത്തിന്റെ പ്രാർത്ഥന പ്രാർത്ഥിക്കരുത് സഭായോഗത്തിന് കുടുംബയോഗത്തിന്റെ പ്രാർത്ഥന നാം നടത്തരുത്. വിശ്വാസികളിൽ അധികപേരും സഭായോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം എന്നു പറയുമ്പോൾ ഒരുപാട് കാടുകയറി പ്രാർത്ഥിക്കുന്നവരാണെന്ന് എനിക്കറിയാം. വേദിക്കു അനുസൃതമായി വേണം നാം പ്രാർത്ഥിക്കുവാൻ. മറ്റുള്ളവർക്കു അരോചകമായി നമ്മുടെ പ്രാർത്ഥന മാറുകയും ആവർത്തന വിരസതകൾ വരാതിരിക്കുവാനും വളരെ ശ്രദ്ധിക്കേണ്ടതാണ്. ആഹാരത്തിനായി പ്രാർത്ഥിക്കുവാൻ പറയുമ്പോൾ അന്നു നടന്ന യോഗത്തിനായും ശുശ്രൂഷിച്ച ദൈവദാസന്മാർക്കായും തുടർന്നു നടക്കുന്ന യോഗത്തിനായും പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ആഹാരത്തെ ദൈവം വിശുദ്ധീകരിക്കേണ്ടതിനു മാത്രം പ്രാർത്ഥിച്ചു നിർത്തുക എന്നതാണ് ഉചിതം. സകലത്തിനും നമൂക്ക് സമയം ലഭിക്കാനുണ്ട്. എന്നാൽ പ്രാർത്ഥനയുടെ സമയമാണ് സാത്താൻ കവർന്നെടുക്കുന്നത്. കാരണം പ്രാർത്ഥനയുടെ ശക്തി അത്ര വലുതാണ് 2-ാം ലോക മഹായുദ്ധകാലത്ത് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമ്മൻ പ്പട രാജ്യങ്ങൾ ഒന്നൊന്നായി കീഴടുക്കുവാൻ തുടങ്ങി. യൂറോപ്പ് ജർമ്മനിക്കതീതമാകുവാൻ ഇനി ഇംഗ്ലണ്ട് കൂടി പിടിച്ചടക്കിയാൽ മതിയെന്ന നിലവന്നു. അങ്ങനെ ഇംഗ്ലണ്ടിലേക്കു ജർമ്മൻ സൈന്യം ഇരമ്പിയെത്തിയപ്പോൾ പരാജയപ്പെടുമെന്ന് അറിഞ്ഞ് ഇംഗ്ലണ്ടിന്റെ പ്രധാനമന്ത്രി മേഛർ ലെയർ രാജി വച്ചു. തുടർന്നു മഹാനായ വിൽസൻ ചർച്ചിൽ അധികാരമേറ്റു. അദേഹം ചെയ്തത് ജനത്തോട് ഇംഗ്ലണ്ടിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാൻ പറയുകയായിരുന്നു. ജനം പ്രാർത്ഥിക്കുവാൻ തുടങ്ങി പ്രാർത്ഥന കേൾക്കുന്ന ദൈവം മറുപടി നൽകി ഹിറ്റ്ലറുടെ പട്ടാളം ചിന്നിചിതറി. കഠിനമായ മഞ്ഞുവീഴ്ച ജർമ്മനിയുടെ മുന്നേറ്റത്തിന് തടസ്സമായി നിന്നു ആ യുദ്ധത്തിൽ ജർമ്മനി പരാജയപ്പെട്ടു. ധനനഷ്ടം, ആൾ നഷ്ടം എന്നിവയാൽ സഖ്യ രാജ്യങ്ങൾ ജർമ്മനിയെ ഉപേക്ഷിച്ചു. ജർമ്മനി രണ്ടായി വിഭാഗിക്കപ്പെട്ടു. ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. ഇതാണ് പ്രാർത്ഥനയുടെ വിജയം.

> **രഹസ്യ പ്രാർത്ഥനയിൽ പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ടെങ്കിലും സമയപരിധി ഇല്ല. പരസ്യ പ്രാർത്ഥനയെക്കാൾ രഹസ്യ പ്രാർത്ഥനയ്ക്കാണ് വേദപുസ്തകം പ്രാധാന്യം നൽകുന്നത്. കാരണം, നമ്മളോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അരക്കിട്ടുറപ്പിക്കുന്ന ഇടമാണ് രഹസ്യപ്രാർത്ഥനാമുറി. അവിടെയാണ് സാത്താന്റെ കോട്ടകൊത്തളങ്ങൾ ചീട്ട് കൊട്ടാരം പോലെ തകർന്നടിയുന്നത്.**

(നാലാം പേജിൽ നിന്നും തുടർച്ച)

# വിശ്വാസികൾ വിചാരപ്പെടാമോ?

വരുമ്പോൾ ദൈവത്തിന്റെ പൈതലേ, നിനക്കു രക്ഷപ്പെടുവാനുള്ള ഏക സങ്കേതമാണ് ദൈവസന്നിധി. ഇയ്യോബിന്റെ അനുഭവം നമുക്ക് നല്ല ഒരു പാഠമാണ് (ഇയ്യോബ് 1:20,21).

**2) അപേക്ഷ**

നമ്മുടെ പ്രശ്നങ്ങൾ, ഭാരങ്ങൾ, ആവശ്യങ്ങൾ എന്നിവ ആവശ്യബോധത്തോടെ ദൈവസന്നിധിയിൽ എത്തിക്കുക എന്ന താണ് ഈ വാക്ക് കൊണ്ടുദ്ദേശിക്കുന്നത്. ഇതു പ്രാർത്ഥനയുടെ മറ്റൊരു ചടങ്ങല്ല, പക്ഷെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ഉയരുന്ന അപേക്ഷയാണ്. ആത്മാവിനെ ഉണർത്തുന്ന ഭാരത്തോടു കൂടിയുള്ള പ്രാർത്ഥന. ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ദൈവമക്കൾ ആത്മഭാരത്തോടുകൂടി പ്രാർത്ഥിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു (യാക്കോബ് 5:16, എബ്രായർ.5:7, റോമർ 15:31, കൊലോസ്യർ 4:12).

**3) ആവശ്യങ്ങൾ അറിയിക്കുക**

വ്യക്തിപരമായ വിഷയങ്ങൾ, മറ്റു പ്രത്യേക വിഷയങ്ങൾ എന്നിവ ഓർത്തു കൊണ്ടുള്ള വിസ്തൃതമായ രീതിയിലുള്ള പ്രാർത്ഥന. പൊതുവായ വിഷയങ്ങളെക്കാൾ കവിഞ്ഞ്, ഓരോ വിഷയങ്ങളും ഓർത്ത് പ്രാർത്ഥിക്കുക(യിരെ.33:3).

**പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട മനോഭാവം**

മേൽ പറഞ്ഞ മൂന്ന് പ്രാർത്ഥനാ രീതികളിലും നമ്മുടെ മനോഭാവം എങ്ങനെയായിരിക്കേണമെന്ന് പൗലൊസ് നമ്മെ പഠിപ്പിക്കുന്നു (ഫിലി. 4:6). നമ്മുടെ പ്രാർത്ഥന, അപേക്ഷ, ആവശ്യങ്ങൾ ഇവയെല്ലാം സ്തോത്രത്തോടു കൂടെ മാത്രമായിരിക്കണം. കാരണം ദൈവം നമ്മെ സ്നേഹിക്കുന്നവനും നമുക്കായി കരുതുന്നവനും നമ്മുടെ പ്രാർത്ഥന കേട്ട് മറുപടി നൽകാമെന്ന് വാഗ്ദത്തം ചെയ്തവനുമത്രേ. നാം തന്റെ ഹിതപ്രകാരമായി ത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു (റോമർ 8:28,29). ദൈവത്തോടു കടപ്പാടും നന്ദിയുമുള്ളവരായി ജീവിപ്പാൻ നാം പഠിക്കണം (എഫെ. 5:20, കൊലോ. 3:17, 1 തെസ്സ. 5:18). കാര്യങ്ങൾ നടന്നുകിട്ടുമ്പോൾ മാത്രം സ്തോത്രം പറയുന്ന വരും അപ്പോൾതന്നെ നാം ആഗ്രഹിക്കുന്ന സമയത്തിനും രീതികൾക്കുമൊത്തവണ്ണം ദൈവം പ്രവർത്തിക്കാതിരി ക്കുമ്പോൾ അവനെ ദുഷിക്കുന്നവരുമായി തീരുന്ന സ്വഭാവം എത്ര ബാലിശമായതാണ്? (തുടരും)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. ഫെയ്ത്ത് ഗോസ്പൽ ടീം (ബീഹാർ, കേരളം)
7. വിശ്വാസി പബ്ലിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവ ൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഐ.സി.എമ്മിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഐ.സി.എമ്മിന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഐ.സി.എമ്മിന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th July 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

# വിശ്വാസികൾ വിചാരപ്പെടാമോ?



**പാസ്റ്റർ ഡാനിയേൽ ജോർജ്**
**ന്യൂഡൽഹി**

**വിചാരപ്പെടുന്നത് പാപമാകുന്നതെങ്ങനെ?**

നമ്മുടെ ആവശ്യങ്ങളെ നിവർത്തിച്ചു തരുവാനുള്ള ദൈവത്തിന്റെ കഴിവിലും ശക്തിയിലും ദൈവവചനത്തിലും അവന്റെ നിലനിൽപ്പിലും അവിശ്വസിക്കുന്നതുകൊണ്ട് ചിന്താഭാരം പാപമാകുന്നു (റോമാ ലേഖനം 14:23). ചില വർഷങ്ങൾക്ക് മുൻപ് ഞാനും ഭാര്യയും സഭയിലെ ഒരു സഹോദരിയുടെ ഭവനം സന്ദർശിക്കാൻ പോയി. ഞങ്ങൾ ചെല്ലുന്നത് ദൂരെവച്ചു തന്നെ ആ സഹോദരി കണ്ടപ്പോഴേക്കും അവരുടെ മുഖഭാവം അത്ര സന്തോഷകരമായി ഞങ്ങൾക്കു തോന്നിയില്ല. എങ്കിലും വീട്ടിൽ കയറി അല്പനേരത്തെ കുശലാന്വേഷണങ്ങൾക്കു ശേഷം ഞാൻ ചോദിച്ചു, കഴിഞ്ഞ ഞായറാഴ്ച ആരാധനയ്ക്കു കണ്ടില്ലല്ലോ? അപ്പോൾ ആ സഹോദരി പറയുകയാണ്, പാസ്റ്ററേ, ഞായറാഴ്ച ആരാധനക്കു വന്ന് സ്തോത്രം പറഞ്ഞുകൊണ്ടിരുന്നാൽ വായിലോട്ടു വല്ലതും പോകുമോ എന്ന്. ആ സഹോദരിയുടെ കാഴ്ചപ്പാടിൽ നമ്മുടെ കാര്യങ്ങൾ നമ്മൾ തന്നെ ചിന്തിച്ചില്ലെങ്കിൽ പിന്നെ ദൈവം ചിന്തിക്കുമോ എന്നാണ്. വല്ലപ്പോഴും ഒന്ന് ആരാധനയ്ക്ക് വരണം അത്ര തന്നെ. ദൈവത്തെക്കുറിച്ചും ആരാധനയെക്കുറിച്ചും എത്രയോ താണനിലവാരത്തിലുള്ള കാഴ്ചപ്പാടാണ് ഇത്. വിചാരപ്പെടുന്നതുകൊണ്ട് നാം ദൈവത്തെ നമുക്കുവേണ്ടി കരുതുവാൻ അപ്രാപ്തനായി കാണുകയാണ് നാം ചെയ്യുന്നതത്. അതു കൊണ്ട് അത് ദൈവസന്നിധിയിൽ പാപമാണ്.

**വിശ്വാസികൾ എന്തുകൊണ്ട് വിചാരപ്പെടരുത്?**

ഇതിനെ സ്ഥിരീകരിക്കുന്ന പല കാരണങ്ങളും ദൈവവചനത്തിൽ കാണുന്നു.

1. നാം ഇന്നുവരെയും എന്തെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നുവെന്നും അഭിമുഖീകരിക്കാൻ പോകുന്നു എന്നും ദൈവം നന്നായ് അറിയുന്നു(സദൃ.15:13, ഇയ്യോബ് 23:10, സങ്കീ. 37:23).

2. നാം ജീവിതത്തിലനു ഭവിക്കുന്ന വിഷയങ്ങളെക്കുറിച്ച് ദൈവത്തിനു ചിന്തയുണ്ട്.

> ***ജീവനോടിരിക്കുന്ന മാതാപിതാക്കൾക്ക് മക്കളുടെ കാര്യത്തിൽ ചിന്തയും വിചാരവും കരുതലുമുണ്ടായിരിക്കെ അവരുടെ സ്നേഹത്തെ സംശയിക്കുകയും അവർക്കെതിരെ പിറുപിറുക്കുകയും കുറ്റം പറയുന്നതും അനീതിയെങ്കിൽ ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തെ തുച്ഛീകരിച്ചു അവന്റെ ആയിരമായിരം വാഗ്ദത്തങ്ങളെ മറന്ന് അവനെ സംശയിക്കുന്നതും ഭാരപ്പെടുന്നതും ദൈവകല്പനയുടെ ലംഘനമല്ലേ? അവനോടുള്ള മത്സരമല്ലേ?***

3. അവന്റെ കരുതലിന്റെ വാഗ്ദത്തങ്ങൾ നമുക്ക് തന്നിരിക്കുന്നു (ഫിലി. 4:19, എബ്രാ. 13:5,6) കരുതുന്നവൻ ഞാനല്ലയോ, കലങ്ങുന്നതെന്തിനു നീ എന്നു പാടുന്നവർ അർത്ഥം ഗ്രഹിക്കാതെ പാടുന്നുവോ?

**വിചാരപ്പെടാതെ നാം പിന്നെ എന്തു ചെയ്യേണം.**

നമുക്ക് പ്രാർത്ഥിക്കാൻ കഴിയും. വിചാരപ്പെടാതെ ഓരോ ദൈവപൈതലും പ്രാർത്ഥിക്കണം എന്നാണ് പൗലൊസ് പറയുന്നത്. ഈ വാക്യത്തിൽ പ്രാർത്ഥനയെക്കുറിച്ച് വിവരിക്കാൻ മൂന്ന് പദപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു. 1) പ്രാർത്ഥന 2) അപേക്ഷ 3) ആവശ്യങ്ങൾ അറിയിക്കുക എന്നിങ്ങനെ അതിനെ വേർതിരിച്ചിരിക്കുന്നു.

**1) പ്രാർത്ഥന**

ഇത് നാം ദൈവസന്നിധിയിലേക്ക് കടന്നുവരുന്ന രീതിയെ കാണിക്കുന്നു (എബ്രാ. 11:6). ദൈവം ആരാകുന്നു എന്നുള്ള ബോദ്ധ്യമുണ്ടാകുക, അവന്റെ മാഹാത്മ്യത്തെ തിരിച്ചറിയുക, അവനോടുള്ള ഭക്തി, ആരാധന, സമർപ്പണം എന്നിവ നമുക്കുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ബലഹീനനായ ഒരു പൈതൽ തന്റെ അതിശക്തനായ പിതാവിന്റെ അടുക്കൽ വരുന്ന ചിത്രമാണിത്. ഇവിടെ ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ മുഖമന്വേഷിക്കുക, പ്രശ്നങ്ങളിൽ നിന്നും നമ്മുടെ കണ്ണുകളെ അകറ്റി സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖത്തേക്കു നാം ശ്രദ്ധിക്കുമ്പോൾ അവൻ നമ്മുടെ ഹൃദയങ്ങളിൽ വളരുകയും പ്രശ്നങ്ങൾ നമ്മുടെ മനസ്സിൽ കുറയുവാനിടയായി തീരുകയും ചെയ്യും. പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിൽ കടന്നു

(ശേഷം മൂന്നാം പേജിൽ)

## ഉറവ

# രക്ഷയായി മാറിയ പുത്രന്റെ മരണം!



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

പതിറ്റാണ്ടുകൾക്ക് മുൻപ് തമിഴ്നാട്ടിൽ നടന്ന സംഭവം. ഈറനണിയിക്കുന്ന നയനങ്ങളോടെയല്ലാതെ ചോരചീന്തി ചിതറിയ ആ ദാരുണ രംഗം ചങ്കുറപ്പുള്ളവർക്കുപോലും പാരായണം ചെയ്യുക സാധ്യമല്ല. ബ്രിട്ടീഷ് ഭരണം ഭാരതത്തിൽ നിലവിലിരുന്ന കാലത്ത് നടന്ന കരളലിയിക്കുന്ന ആ സംഭവയാഥാർത്ഥ്യം ശ്രദ്ധേയമാണ്. രാമേശ്വരത്തെ അലകടലിനു മുകളിൽകൂടി പണിതിരിക്കുന്ന പാലമാണ് പാമ്പൻ പാലം. കപ്പൽ വരുമ്പോൾ പാലത്തിന്റെ മദ്ധ്യഭാഗം ഉയർത്തികൊടുക്കും. കപ്പൽ കടന്നുപോയതിനുശേഷം ഈ ഭാഗം വീണ്ടും താഴ്ത്തുമ്പോൾ അതിലൂടെ ട്രെയിൻ കടന്നുപോകും. വലിയ പൽചക്രങ്ങൾ ആണ് ഇത് പൊക്കുകയും താഴ്ത്തുകയും ചെയ്തിരുന്നത്.

ആ പാലത്തിന്റെ പ്രവേശന കവാടത്തിൽ ഒരു കുട്ടിയുടെ രക്തത്തിൽ കുതിർന്ന ശരീരം ചേർത്തുപിടിച്ചു കരയുന്ന ഒരു പിതാവിന്റെ ചിത്രം വച്ചിരിക്കുന്നു. ഈ ചിത്രത്തിനു പിന്നിലെ കദനകഥ ഹൃദയഭേതകം തന്നെയാണ്!

മദ്ധ്യവയസ്കനായ ഒരു ടെക്നീഷനെ അവിടെ പാലം ഉയർത്തുവാനും താഴ്ത്തുവാനും അധികാരികൾ നിയമിച്ചിരുന്നു. ഒരിക്കൽ കപ്പൽ കടന്നുപോയശേഷം ഈ പാലം വലിച ചക്രങ്ങൾ കറക്കി താഴ്ത്തികൊണ്ടിരിക്കുമ്പോൾ ദൂരെനിന്നും ട്രെയിൻ വരുന്നത് കണ്ടു. എത്രയും വേഗം പാലം താഴ്തിയില്ലെങ്കിൽ വരുന്ന ട്രെയിൻ കടലിൽ വീഴുകയും അനേകർ മരിക്കുകയും ചെയ്യും. വളരെ വേഗത്തിൽ അദ്ദേഹം ചക്രങ്ങൾ കറക്കികൊണ്ടിരുന്നു. ഇതേ സമയം അദ്ദേഹത്തിന്റെ ഒമ്പതുവയസ് പ്രായമുള്ള മകൻ ആഹാരവുമായി വന്നു. പിതാവ് വളരെ കഷ്ടപ്പെടുന്നത് കണ്ട് തന്റെ കയ്യിൽ ഇരുന്ന ആഹാരം ഒരിടത്ത് വച്ചതിനു ശേഷം പിതാവിനോട് ചേർന്ന് ചക്രം തിരിക്കുവാൻ തുടങ്ങി. പെട്ടെന്ന് മകന്റെ കൈവിരൽ ചക്രങ്ങൾക്കിടയിൽ പെടുകയും വേദനകൊണ്ട് അവൻ ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തു. ആ പിതാവ് ആ രംഗം കൺമുമ്പിൽ കണ്ടു. ആ പിതൃഹൃദയം പിടഞ്ഞു വികസിച്ചു. ഒരു നിമിഷം എന്തുചെയ്യണമെന്നറിയാതെ ആകെ താൻ പകച്ചുപോയി. പക്ഷെ തന്റെ മകനെ രക്ഷപ്പെടുത്താൻ നോക്കിയാൽ ചുരുങ്ങിയ സമയം കൊണ്ട് പാലം താഴ്ത്താൻ സാധിക്കാതെ വരികയും ട്രെയിൻ വന്ന് കടലിൽ പതിക്കുകയും ചെയ്യും.

അടുത്ത നിമിഷം ഉണ്ടായേക്കാവുന്ന ഭീകരമായ ദുരന്തം ഒഴിവാക്കാൻ താൻ തീരുമാനിച്ചു. തന്റെ മകനെ മറന്ന് ചക്രം തിരിച്ചുകൊണ്ടിരുന്നു. ഈ സമയം തന്റെ പൊന്നോമനപുത്രൻ ആ വലിയ യന്ത്രത്തിലേക്ക് വഴുതിവീണുകൊണ്ടിരുന്നു. ഒരു വലിയ രോദനം അപ്പന്റെ കാതുകളിൽ മുഴങ്ങി, അപ്പാ, അപ്പാ, രക്ഷിക്കണേ... ആ നിലവിളി ശബ്ദത്തിന്റെ തരംഗങ്ങൾ ആ പിതാവിന്റെ ഹൃദയത്തിൽ മങ്ങൽ വീഴ്ത്തി. പിതാവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. സാവധാനം ആ കുഞ്ഞിന്റെ ശരീരം നിശ്ചലമായി. ഈ സംഭവം ഒന്നുമറിയാതെ ആയിരങ്ങളെയും വഹിച്ചുകൊണ്ട് ആ ട്രെയിൻ പാലത്തിലൂടെ കടന്നുപോയി.

തന്റെ ദൗത്യം കൃത്യനിഷ്ഠയോടെ ചെയ്തുവെങ്കിലും തനിക്ക് നഷ്ടപ്പെട്ട കുഞ്ഞിന്റെ ചതഞ്ഞ ശരീരം വാരിയെടുത്ത് മാർവോട് ചേർത്ത് നിന്ന് ആ പിതാവ് അലറിക്കരഞ്ഞു. ബ്രിട്ടീഷ് ഗവൺമെന്റ് ആ പിതാവിനെ ആദരിക്കുകയും ഓർമ്മയ്ക്കായി പാലത്തിന്റെ പ്രവേശനത്തിൽ ചിത്രം പതിപ്പിക്കുകയും ചെയ്തു.

ദൈവത്തിന്റെ ഏകജാതനായ യേശുവിനെ ക്രൂശിൽ തകർക്കുവാൻ പിതാവിന് ഇഷ്ടം തോന്നിയതിനാൽ മാനവസമൂഹം മുഴുവനും രക്ഷയിങ്കലേക്ക് വിശ്വാസത്തോടെ യാത്ര ചെയ്യാൻ എത്തിച്ചേരുന്നു.

**ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം**

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

**(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)**

**വിജയകരമായ പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു**

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2016 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

**Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523, Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com**

## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

**മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപരം ഗാനങ്ങൾ**
**കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്), സ്നേഹ നിധി (എം. പി. ത്രി)**
**എന്നീ ആഡിയോ സിഡികളും ലഭ്യമാണ്**

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*